ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (അതായത് വാർഷികവരുമാന പരിധി 20,000 രൂപ വരെയുള്ളവർ) 769 പേർ എസ്. ഇ. ബി. സി. വിഭാഗത്തിൽ നിന്നും 2003-ൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുണ്ട്.

മെഡിക്കൽ ബിരുദാനന്തര പ്രവേശന പരീക്ഷ

91 [1461] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബറിൽ നടത്തേണ്ടിയിരുന്ന കേരള മെഡിക്കൽ ബിരുദാനന്തര പ്രവേശന പരീക്ഷ ഇതുവരെ നടത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരീക്ഷ എന്നത്തേക്ക് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിശ്ചിത കാലയളവിനുള്ളിൽ പരീക്ഷ നടത്തിയില്ലെങ്കിൽ കേരളത്തിലെ ഈ വർഷത്തെ പി. ജി. മെഡിക്കൽ സീറ്റുകൾ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ലാപ്സാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സീറ്റ് നഷ്ടപ്പെടാതെ അടിയന്തിരമായി പരീക്ഷ നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പി. ജി. മെഡിക്കൽ പ്രവേശന പരീക്ഷ 2003 ഡിസംബറിൽ നടത്താൻ ഒരു തീരുമാനവും എടുത്തിരുന്നില്ല. 2003 ജൂലൈ 21-ന് ആരോഗ്യ കുടുംബക്ഷേമവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് നടന്ന യോഗത്തിൽ ടി. എം. എ. പൈ ഫൗണ്ടേഷൻ കേസിൽ 31-10-2002-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് കേന്ദ്ര ഗവൺമെന്റ് വിവിധ പി. ജി. മെഡിക്കൽ കോഴ്സുകളുടെ പരീക്ഷ, അഡ്മിഷൻ എന്നിവയ്ക്കായി ഒരു കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2004 ജനുവരി അവസാനം അല്ലെങ്കിൽ ഫെബ്രുവരി മദ്ധ്യത്തിൽ പരീക്ഷ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സർവ്വീസിലുള്ള അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷ എഴുതുന്നത് സംബന്ധിച്ച്, ബഹുമാനപ്പെട്ട സുപ്രീംകോടതി, കേരള ഹൈക്കോടതി നിർദ്ദേശങ്ങൾക്കനുസരിച്ച് പുതുക്കിയ പ്രോസ്പെക്ടസ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പക്കൽനിന്നും ലഭിച്ചാലുടനെ ഈ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പ്രോസ്പെക്ടസ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിച്ചാലുടനെ പരീക്ഷാ നടപടികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly